അദാലത്ത് സമിതി-1 ന്റെ ഒരു യോഗം 28/02/2025 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് ചേർന്നു.പ്രസ്തുത യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും

1. സതീശൻ.കെ.വി IVO & കൺവീനർ
2. ബിജു.പി.വി.അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്
3. നിധിൻ കുമാർ.എസ്,ഡെപ്യൂട്ടി ടൌൺപ്ലാനർ,കണ്ണൂർ.

<u>അജണ്ട</u>

എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിനെതിരെ ശ്രീ.കെ.ആർ.മുരളി,കൊല്ലാറത്ത് വീട്,മണക്കടവ് എന്നവരുടെ പരാതി സംബന്ധിച്ച്.

<u>ഉള്ളടക്കം</u>

ശ്രീ.കെ.ആർ.മുരളിയുടെ മകൾ ശ്രീമതി.ലേഖ.കെ.എം എന്നവർ എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിൽ പണിത വീടിന് നമ്പർ ലഭിക്കുന്നില്ല എന്നതാണ് പരാതി.പ്രൈവറ്റ് റോഡിൽനിന്നും വേണ്ടത്ര അകലം പാലിച്ചിട്ടില്ല എന്ന കാരണത്താലാണ് നമ്പർ അനുവദിക്കാത്തത് എന്നതാണ് പരാതിയുടെ ഉള്ളടക്കം.

എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിലെ ഫയൽ പരിശോധിച്ചതിൽ ശ്രീമതി.ലേഖ.കെ.എം എന്നവർ 26-03-2023 തീയ്യതിയിൽ ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും പ്രസ്തുത അപേക്ഷ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകയോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. തുടർന്ന് പുനർസമർപ്പിച്ച അപേക്ഷയിൽ അന്വേഷണം നടത്തി Front yard 3മീ. ലഭ്യമാകാത്ത സാഹചര്യത്തിൽ **കെട്ടിടത്തിന്റെ സമീപത്തുള്ള റോഡിന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ബി ബാധകമല്ലെന്ന് സെക്രട്ടറി പരിശോധിക്കുകയും 2019 ലെ KPBR** ചട്ടം.26(4) പ്രവിസൊ 1 പ്രകാരം അനുവദനീയമായതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ Occupancy അനുവദിക്കുകയും കെട്ടിടത്തിന് XiV/267B നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

പരാതിക്കാരനെ ബന്ധപ്പെട്ടതിൽ താൻ 2023 സെപ്തംബർ മാസത്തിൽ ബഹു.മന്ത്രിക്ക് നല്കിയിരുന്ന പരാതിയായിരുന്നുവെന്നും ആ കാലഘട്ടത്തിൽതന്നെ പരാതിക്കടിസ്ഥാനമായ കെട്ടിടത്തിന് ഗ്രാമ പഞ്ചായത്തിൽ നിന്നും നമ്പർ അനുവദിച്ചിട്ടുള്ളതാണെന്നും നിലവിൽ ഇത് സംബന്ധിച്ച് പരാതി ഒന്നും തന്നെ ഇല്ലെന്ന് പറഞ്ഞിട്ടുണ്ട്.

<u>തീരുമാനം</u>

23/12/2023 തീയ്യതിയിൽ പരാതിപ്പെട്ട കെട്ടിടത്തിന് ഗ്രാമ പഞ്ചായത്ത് XiV/267 B നമ്പർ അനുവദിച്ച് ഒക്യുപെൻസി നല്കിയിട്ടുള്ളതാണെന്ന് ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ആകയാൽ നിലവിൽ പരാതി നിലനില്ക്കുന്നില്ലെന്ന് കാണുന്നു. ആയതിനാൽ തുടർനടപടി ആവശ്യമില്ലാത്തതാണെന്ന് തീരുമാനിച്ചു.

യോഗം 12.30.AM ന് അവസാനിച്ചു.